# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3147

15.12.2015-ൽ മറുപടിയ്ക്ക്

## അഞ്ചൽ ബൈപാസ് റോഡ്

ചോദ്യം
ശ്രീ.കെ.രാജു

ഉത്തരം
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്തുവകുപ്പ് മന്ത്രി)

(എ) പൊതുമരാമത്ത് വകുപ്പ് മന്ത്രി ഉത്ഘാടനം നിർവ്വഹിച്ച, പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടതും രണ്ടര കോടി രൂപയുടെ ഭരണാനുമതി ലഭിച്ച് ടെൻഡർ നടപടികൾ പൂർത്തീകരിച്ചതുമായ അഞ്ചൽ ബൈപാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വച്ചതിന്റെ കാരണം വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത പ്രവർത്തിയുടെ തുടർ പ്രവർത്തനങ്ങൾക്ക് എത്ര തുക ആവശ്യമുണ്ടെന്നും ആയത് എന്ന് അനുവദിക്കുമെന്നും ആയതിലേക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; നിർത്തിവച്ചിട്ടുള്ള പ്രസ്തുത ബൈപാസ് റോഡിന്റെ നിർമ്മാണം ഉടൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ) അഞ്ചൽ ബൈപ്പാസിന്റെ അനുമതി കിട്ടിയ ഭാഗത്തെ സംരക്ഷണ ഭിത്തിയുടെ വേലകൾ ഏകദേശം പകുതി ഭാഗം പൂർത്തിയായിട്ടുണ്ട്. തുടർ വേലകൾ ചെയ്യണമെങ്കിൽ മേൽപ്പറഞ്ഞ ഭാഗം മണ്ണിട്ട് ഉയർത്തിയെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. മണ്ണെടുക്കുവാൻ ആവശ്യമായ അനുമതി ബന്ധപ്പെട്ട മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല. അനുമതി കിട്ടുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. നിലവിൽ ഏകദേശം 15 കോടിയോളം രൂപ ബാക്കി പണികൾക്ക് ആവശ്യമാണ്. ആയതിലേക്കുള്ള എസ്റ്റിമേറ്റ് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ